(ബി) പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക മാത്രമേ ഗഡുക്കളായി കൊടുക്കുവാൻ തീരുമാനിച്ചിട്ടുള്ളു.

(സി&ഡി) 25-11-1998-നു ശേഷം വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക കൊടുക്കാനില്ല. അതിനാൽ ആനുകൂല്യങ്ങൾ ഗഡുക്കളായി നൽകേണ്ടതില്ല.

(ഇ) ഗഡുക്കൾ കൊടുത്തിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഇല്ല.

(എച്ച്&ഐ) സാമ്പത്തികസ്ഥിതി പരിഗണിച്ച് 1-3-1997-നും 25-11-1998-നും ഇടയ്ക്ക് റിട്ടയർ ചെയ്തവരുടെയെല്ലാം പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക ഒറ്റഗഡുവായി നൽകാൻ നിർവാഹമില്ല. എന്നാൽ 8-3-2000-ലെ ജി.ഒ(പി)565/ധന/2000 ഉത്തരവുപ്രകാരം പെൻഷൻകാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും പെൻഷനറുടെ സാരമായ രോഗചികിത്സയ്ക്കും ടി കുടിശ്ശിക ചില നിബന്ധനകൾക്കു വിധേയമായി ഒരുക്കമായി നൽകാൻ ഉത്തരവായിട്ടുണ്ട്.

പെൻഷൻകാരുടെ ഡി. എ. കുടിശ്ശിക

7 (3539) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് പെൻഷൻകാർക്ക് എത്രശതമാനം ഡി. എ. കുടിശ്ശിക നൽകുവാനുണ്ട് ;

(ബി) ഇത് എന്നുമുതൽ നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) കുടിശ്ശിക ഏതുവിധത്തിൽ നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർവ്വീസ് പെൻഷൻകാർക്ക് 1-1-1999 മുതലുള്ള 10%, 1-7-1999 മുതലുള്ള 5% എന്നിങ്ങനെ രണ്ടു ഗഡു ഡി. എ. കുടിശ്ശിക നൽകുവാനുണ്ട്.

(ബി) സംസ്ഥാന ജീവനക്കാർക്ക് അനുവദിക്കുന്നതോടൊപ്പംതന്നെ, സർവ്വീസ് പെൻഷൻകാർക്കും ഡി. എ. നൽകുന്നതാണ് പതിവ്. ആയതിനാൽ 7/2000 മുതൽ സർവ്വീസ് പെൻഷൻകാർക്ക് 10% ഡി. എ. നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉത്തരവിറക്കുമ്പോൾ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പെൻഷൻ നിർണ്ണയത്തിലെ അപാകത

8 (3540) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 28-2-1997-ന് പെൻഷനായവർ വാങ്ങിയിരുന്ന അതേശമ്പളവും മറ്റലവൻസുകളും വാങ്ങിയിരുന്ന 1-3-1997-നും 30-11-1997നും ഇടയ്ക്ക് പെൻഷനായവർക്ക് 28-2-1997-ൽ പെൻഷനായവരേക്കാൾ കുറഞ്ഞ പെൻഷനാണോ ലഭിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കാമോ ;

(സി) ഇപ്രകാരം എത്രയാളുകൾ കുറഞ്ഞ പെൻഷൻ വാങ്ങേണ്ടതായി വരുന്നുണ്ട് ;

(ഡി) അവർക്ക് കുറഞ്ഞ പെൻഷൻ ഫിക്സ് ചെയ്തതുകാരണം അവർക്ക് കിട്ടാനുള്ള ഗ്രാറ്റുവിറ്റി പെൻഷൻ, കമ്മ്യൂട്ടേഷൻ എന്നീ ഇനങ്ങളിൽ കിട്ടുന്ന തുകയും കുറവു വരുന്നുണ്ടോ ;

(ഇ) 28-2-1997-ൽ റിട്ടയർ ചെയ്തവർക്ക് തുല്യ ശമ്പളവും അലവൻസുകളും വാങ്ങിക്കൊണ്ടിരിക്കുന്നവരും എന്നാൽ 1-3-1997 നും 30-11-1997 നും ഇടയ്ക്ക് റിട്ടയർ ചെയ്തവരുമായ ആളുകൾക്ക് പെൻഷനിൽ കുറവു വന്നിട്ടുള്ളപക്ഷം അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) ചില കേസുകളിൽ 28-2-1997 - ൽ പെൻഷനായവർ 1-3-1997 നും 30-11-1997 നും ഇടയ്ക്ക് പെൻഷനായവരേക്കാൾ കുറഞ്ഞ പെൻഷൻ വാങ്ങുന്നതായി കണ്ടിട്ടുണ്ട്. ഇത് പ്രധാനമായും രണ്ടു കാര്യങ്ങൾ കൊണ്ടാണ്. 28-2-1997 ൽ പെൻഷനായ വ്യക്തിക്ക് ശമ്പളപരിഷ്ക്കരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. മറിച്ച് ഇയാൾക്ക് 15% ഫിറ്റ്മെന്റ് ബെനിഫിറ്റ് ലഭിക്കുന്നു. എന്നാൽ 1-3-1997 ന് ശേഷം റിട്ടയർ ചെയ്യുന്നവർക്ക് പെൻഷൻകാർക്ക് ലഭിക്കുന്ന 15% ഫിറ്റ്മെന്റ് ബെനിഫിറ്റ് ലഭിക്കുന്നില്ല. മാത്രമല്ല 1-3-1997 നും 30-11-97 നും ഇടയ്ക്ക് റിട്ടയർ ചെയ്യുന്ന ആളുടെ ശമ്പളം പഴയ സ്കെയിലിലും പുതിയ സ്കെയിലിലും വ്യാപിച്ചുകിടക്കുന്നതിനാൽ പെൻഷനിൽ സാരമായ വർദ്ധനവ് വരുന്നില്ല.

(ഡി&ഇ) ശമ്പളപരിഷ്കരണംമൂലം 1-3-1997-ന് ശേഷം റിട്ടയർ ചെയ്ത വർക്കെല്ലാം ഗ്രാറ്റുവിറ്റിയിലും പെൻഷൻ കമ്മ്യൂട്ടേഷനിലും സാരമായ വർദ്ധനവുണ്ടായിട്ടുണ്ട്. 1-3-97 - നു ശേഷം റിട്ടയർ ചെയ്തവർക്ക് വാങ്ങി കൊണ്ടിരിക്കുന്ന പെൻഷനിൽ, പെൻഷൻ കമ്മ്യൂട്ട് ചെയ്തത്കൊണ്ടല്ലാതെ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആ കുറവ് പരിഹരിക്കാൻ 2-2-1999-ലെ ജി. ഒ(പി) 373/99(6)/ധന. ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

വിദേശമലയാളികളിൽ നിന്നും പിരിഞ്ഞുകിട്ടിയ നിക്ഷേപം

9 (3541) ശ്രീ. എം. കെ. മുനീർ :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly